ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ പിൻതുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേക്ക് മാറുമ്പോഴുണ്ടാകുന്ന സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഇ-ഓഫീസ് കൈകാര്യം ചെയ്യുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഹാൻഡ് ഹോൾഡ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനം നൽകി വരുന്നു.

(സി) പൊതുജനങ്ങൾക്ക് ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റർഫേസ്, ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http://eoffice.kerala.gov.in എന്ന യു.ആർ.എൽ. മുഖാന്തിരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഇത് ലഭ്യമാകുന്നതാണ്.

**മന്ത്രിമാരുടെ വിദേശ സന്ദർശനങ്ങൾ**

29 (4357) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയ ഓരോ വിദേശ യാത്രകളുടെയും ഉദ്ദേശ്യമെന്തായിരുന്നെന്നും ഇതുമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങളുണ്ടായെന്നും വിശദമാക്കാമോ ?

ഉത്തരം

ഔദ്യോഗികവും അനൗദ്യോഗികവുമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ വികസനക്ഷേമ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ വിദേശരാജ്യങ്ങൾ പിൻതുടരുന്ന സമ്പ്രദായങ്ങൾ മനസ്സിലാക്കുന്നതിനും അവ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും വിദേശയാത്രകൾ സഹായകമായിട്ടുണ്ട്.

**മന്ത്രിമാരുടെ ഡൽഹി സന്ദർശനം**

30 (4358) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും, ഓരോ മന്ത്രിമാരും എത്ര തവണ വീതം ഡൽഹി സന്ദർശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സന്ദർശനത്തിനായി മുഖ്യമന്ത്രിയും, മന്ത്രിമാരും വിമാനക്കൂലി ഇനത്തിൽ എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി)

| ക്രമ നം. | പേര് | നടത്തിയ യാത്രകൾ | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി | 56 | 12,51,194 |
| 2 | ശ്രീ. പി. കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി | 7 | 2,61,290 |
| 3 | ശ്രീ. അടൂർ പ്രകാശ്, റവന്യൂവും കയറും വകുപ്പുമന്ത്രി | 27 | 5,45,136 |
| 4 | ശ്രീ. എ. പി. അനിൽകുമാർ, പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 13 | 3,89,731 |
| 5 | ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജ വകുപ്പുമന്ത്രി | 17 | 3,58,662 |
| 6 | ശ്രീ. കെ. ബാബു, എക്സൈസും തുറമുഖവും വകുപ്പുമന്ത്രി | 13 | 3,48,895 |
| 7 | ശ്രീ. സി. എൻ. ബാലകൃഷ്ണൻ, സഹകരണ വകുപ്പുമന്ത്രി | 1 | 11,617 |
| 8 | ശ്രീ. കെ. ബി. ഗണേഷ് കുമാർ, മുൻ വനം, വന്യജീവി സംരക്ഷണം വകുപ്പുമന്ത്രി | 2 | 62,482 |
| 9 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രി | 6 | 94,033 |
| 10 | ശ്രീ. ടി. എം. ജേക്കബ്, മുൻ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി | 1 | 77,463 |
| 11 | ശ്രീമതി പി. കെ. ജയലക്ഷ്മി, പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 6 | തുക ചെലഴിച്ചിട്ടില്ല |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | ശ്രീ. പി. ജെ. ജോസഫ്,<br>ജലവിഭവ വകുപ്പുമന്ത്രി | 27 | 15,54,470 |
| 13 | ശ്രീ. കെ. സി. ജോസഫ്,<br>ആസൂത്രണവും സാംസ്കാരികവും നോർക്കയും ഗ്രാമവികസനവും വകുപ്പുമന്ത്രി | 34 | 7,39,104 |
| 14 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,<br>വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | '5 | 2,44,721 |
| 15 | ശ്രീ. കെ. എം. മാണി,<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 27 | 12,47,088 |
| 16 | ശ്രീ. കെ. പി. മോഹനൻ,<br>കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 11 | 4,83,534 |
| 17 | ഡോ. എം. കെ. മുനീർ, പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പ മന്ത്രി | 14 | 3,13,897 |
| 18 | ശ്രീ. ഷിബു ബേബി ജോൺ,<br>തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | 17 | 6,63,148 |
| 19 | ശ്രീ. വി. എസ്. ശിവകുമാർ,<br>ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി | 14 | 2,00,701 |
| 20 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>വനവും ഗതാഗതവും വകുപ്പുമന്ത്രി | 18 | 1,92,289 |
| 21 | ശ്രീ. മഞ്ഞളാംകുഴി അലി,<br>നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി | 4 | 47,111 |
| 22 | ശ്രീ. അനൂപ് ജേക്കബ്,<br>ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | 23 | 5,16,969 |
| 23 | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 8 | 3,46,803 |



LIBRARY ARCHIVES Kerala Legislative Assembly